**File No. LSGD-DD2/88/2019-LSGD**

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-27-02-2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് - ക്ഷീര സാന്ത്വനം സമഗ്ര ഇൻഷ്വറൻസ് പദ്ധതിയ്ക്ക് അംഗീകാരം നൽകി ഉത്തരവാകുന്നു.

================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.585/19/തസ്വഭവ തിരുവനന്തപുരം, തീയതി, 09.03.2019**

================================================================

പരാമർശം: 1.ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 15.02.2019-ലെ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.02.2019-ലെ യോഗത്തിന്റെ 4.35-ാം നമ്പർ തീരുമാനം.

**ഉത്തരവ്**

ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ക്ഷീര സാന്ത്വനം സമഗ്ര ഇൻഷ്വറൻസ് പദ്ധതിയ്ക്ക് ഡിപിസി അംഗീകാരം ലഭിക്കുകയുണ്ടായി. പശുക്കളുടെയും ക്ഷീര കർഷകരുടെ കുടുംബങ്ങളുടെയും ഇൻഷ്വറൻസ് പരിരക്ഷ ലക്ഷ്യമിട്ട് 148/19,149/19,151/19 എന്നീ പദ്ധതികളിൽ ജനറൽ-എസ്.സി.-എസ്.റ്റി. വിഭാഗത്തിൽപ്പെടുന്ന വനിതാ ക്ഷീര കർഷകർക്ക് ഇൻഷ്വറൻസ് പ്രീമിയം തുകയ്ക്ക് ധനസഹായം നൽകുന്നതാണ് പദ്ധതി. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് സംസ്ഥാന സർക്കാർ തന്നെ നടപ്പാക്കി വരുന്നതിനാൽ വ്യക്തികൾക്കോ കുടുംബങ്ങൾക്കോ വേണ്ടി ഇൻഷ്വറൻസ് പരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാൻ സർക്കാരിന്റെ പ്രത്യേക അനുമതി വേണ്ടതാണെന്ന് വെറ്റിംഗ് ഓഫീസർ കൂടിയായ ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക അനുമതി നല്കണമെന്ന് പരാമർശം (1) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് അപേക്ഷിച്ചിട്ടുണ്ട്. ഇത്തരം പ്രോജക്റ്റ് ക്ഷീരവികസനവകുപ്പ് മുഖേനയും നടപ്പിലാക്കുന്നുണ്ടെന്നും അനുമതി നൽകാവുന്നതാണെന്നും ക്ഷീര വികസന വകുപ്പ് ഡയറക്ടർ 27.02.2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി യോഗത്തിൽ അറിയിച്ചതിനെത്തുടർന്ന് പ്രത്യേക അനുമതി നൽകാൻ പരാമർശം (2) പ്രകാരം തീരുമാനിച്ചു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 27.02.2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ക്ഷീര സാന്ത്വനം സമഗ്ര ഇൻഷ്വറൻസ്

പദ്ധതിയ്ക്ക് കീഴിലെ ചുവടെ പറയുന്ന പ്രോജക്ടുകൾക്ക് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

| ക്ഷീര സാന്ത്വനം സമഗ്ര ഇൻഷ്വറൻസ് പദ്ധതി(3 എണ്ണം) | | |
|---|---|---|
| ക്രമ നംബർ | പ്രോജക്റ്റ് | അടങ്കൽ തുക (രൂപ) |
| 1 | 148/19(വനിത) | 6,71,753 (വികസന ഫണ്ട്) |
| 2 | 151/19(വനിത) | 1,45,100 (SCP) |
| 3 | 149/19(വനിത) | 5,36,394 (TSP) |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ ഡി**

**ഡെപ്യൂട്ടി സെക്രട്ടറി**

To

ജില്ലാ പ്ലാനിംഗ് ഓഫീസർ, ഇടുക്കി
സെക്രട്ടറി, ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്, ഇടുക്കി
ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ് സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.(ഡി.എ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**